**പതിനൊന്നാം കേരളനിയമസഭ**
**മൂന്നാം സമ്മേളനം**
**ബുള്ളറ്റിൻ ഭാഗം - 1**
**(നിയമസഭാ നടപടികളുടെ സംക്ഷിപ്തവിവരണം)**
**2002 മാർച്ച് 5, ചൊവ്വ**

**നമ്പർ - 46**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

**അടിയന്തിരപ്രമേയം**

മാർച്ച് 4, അർദ്ധരാത്രി മുതൽ ട്രേഡ്യൂണിയൻ സംഘടനകൾ പൊതുപണിമുടക്ക് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യം മൂലം ഉളവായിരിക്കുന്ന അതീവഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. എ.കെ. ബാലനും മറ്റ് അഞ്ചംഗങ്ങളും ഒരു അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ ഗവൺമെന്റ് അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

**ശ്രദ്ധ ക്ഷണിക്കൽ**

വിസ നൽകുന്നതിന് യു.എ.ഇ. ഭരണകൂടം പുറപ്പെടുവിച്ച പുതിയ ഉത്തരവു മൂലം, യു.എ.ഇ.-ൽ ജോലിചെയ്യുന്ന മലയാളികൾ നേരിടുന്ന ബുദ്ധിമട്ടുകളിലേക്ക് ശ്രീ. ടി.എൻ.പ്രതാപൻ ഇൻഫർമേഷനും, പാർലമെന്ററി കാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അതു സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

**ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച:**

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച പുനരാരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുക്കുകയുണ്ടായി.

ശ്രീ. ജോർജ്ജ് ജെ. മാത്യു
ശ്രീ. സി. മമ്മൂട്ടി
ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. എ.ൻ. രാജൻബാബു
ശ്രീ. ഷിബു ബേബിജോൺ
ശ്രീ. ബി. വിജയകുമാർ
പ്രൊഫ. എ.ഡി. മുസ്തഫ
പ്രൊഫ. സാവിത്രി ലക്ഷ്മണൻ
ശ്രീ. സി.ടി. അഹമ്മദ്അലി
ശ്രീ. കെ. രാമചന്ദ്രൻ മാസ്റ്റർ

(പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ ചർച്ചയിൽ പങ്കെടുക്കാതെ മുദ്രാവാക്യം വിളിക്കുകയും സഭ അവസാനിക്കുന്നതുവരെ സഭാനടപടികൾ അലങ്കോലപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു.)

2002 മാർച്ച് 6, ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചക്ക് 12.52-ന് സഭ പിരിഞ്ഞു.

കെ.ആർ. ഉദയഭാനു
സെക്രട്ടറി